റിസര്‍വ് ബാങ്ക് ഓഫ് ഇന്‍ഡ്യ
www.rbi.org.in

ആര്‍.ബി.ഐ./2018-19/214
ഡി. സി. എം (പ്ലാനിംഗ്) നം.2968/10.25.007/2018-19

ജൂണ്‍ 14, 2019

# എ ടി എമ്മുകള്‍ക്കുള്ള സുരക്ഷാ നടപടികള്‍

4.10.2016 ലെ ധനനയപ്രസ്താവന, 15-ാം ഖണ്ഡികയില്‍ പ്രസ്താവിച്ചിട്ടുള്ള പ്രകാരം റിസര്‍വ് ബാങ്ക്, മറ്റൊരിടത്തേയ്ക്ക് ധന (ട്രഷര്‍) ത്തിന്‍റെ കൈമാറ്റം നടക്കുമ്പോഴുള്ള സുരക്ഷിതത്വം അവലോകനം ചെയ്യുന്നതിനായി എക്സിക്യൂട്ടീവ് ഡയറക്ടര്‍ ശ്രീ ഡി.കെ.മൊഹന്തി ചെയര്‍മാനായി കറന്‍സി മൂവ്മെന്‍റ് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. കമ്മിറ്റിയുടെ ശുപാര്‍ശകള്‍ പരിശോധിച്ചതിന്‍റെ അടിസ്ഥാനത്തില്‍, അവയില്‍ എ ടി എം പ്രവര്‍ത്തനത്തിലുള്ള അപകട സാധ്യത ലഘൂകരിക്കുന്നതിനും, സുരക്ഷ വര്‍ദ്ധിപ്പിക്കുന്നതിനുമായിട്ടുള്ളവ ചുവടെ ചേര്‍ക്കുന്നു:

എ) എല്ലാ എ ടി എമ്മുകളും ഡിജിറ്റല്‍ വണ്‍ ടൈം കോമ്പിനേഷന്‍ (ഒ.ടി.സി) ലോക്കുകള്‍ ഉപയോഗിച്ചു മാത്രം പണം നിറയ്ക്കുന്നതിനായി പ്രവര്‍ത്തിപ്പിക്കാവൂ.

ബി) സി സി ടി വി നിരീക്ഷണ സംവിധാനവും, സംസ്ഥാന / കേന്ദ്ര സായുധ സേനാംഗങ്ങളുടെ സുരക്ഷാ കാവലും ഉള്ള അതിസുരക്ഷാ മേഖലകളായ വിമാനത്താവളങ്ങള്‍ പോലുള്ള സ്ഥലങ്ങളില്‍ സ്ഥാപിപ്പിച്ചിട്ടുള്ള തൊഴികെയുള്ള എല്ലാ എ ടി എമ്മുകളും 2019 സെപ്റ്റംബര്‍ 30നു മുമ്പായി ഏതെങ്കിലും ഉറച്ച പ്രതലവുമായി (ചുവര്, തൂണ്, തറ മുതലായവ) ചേര്‍ത്തുറപ്പിക്കേണ്ടതാണ്.

സി. സമയബന്ധിതമായ ജാഗ്രതാ നിര്‍ദ്ദേശങ്ങളും, പെട്ടെന്നുള്ള പ്രതികരണങ്ങളും ഉറപ്പാക്കുന്നതിന് എ ടി എമ്മുകളില്‍ സമഗ്രമായ ഇ-നിരീക്ഷണ സംവിധാനം ഏര്‍പ്പെടുത്തുന്ന കാര്യവും ബാങ്കുകള്‍ക്ക് പരിഗണിക്കാവുന്നതാണ്.

2. റിസര്‍വ് ബാങ്കും നിയമനിര്‍വഹണ ഏജന്‍സികളും നല്‍കുന്ന നിലവിലുള്ള നിര്‍ദ്ദേശങ്ങള്‍, തുടര്‍ന്നുവരുന്ന രീതികള്‍, മാര്‍ഗ നിര്‍ദ്ദേശങ്ങള്‍ എന്നിവയ്ക്കുക്കു പുറമേയാണ് മുകളില്‍ നിര്‍ദ്ദേശിച്ച കാര്യങ്ങള്‍ നടപ്പിലാക്കേണ്ടത്. സമയപരിധിക്കുള്ളില്‍ ഇവ നടപ്പാക്കാതിരിക്കുകയോ / ഈ നിര്‍ദ്ദേങ്ങള്‍ പാലാക്കാതിരിക്കുകയോ ചെയ്താല്‍ പിഴ ചുമത്തുന്നതുള്‍പ്പെടെയുള്ള നിയമപരമായ നടപടികള്‍ സ്വീകരിക്കുന്ന തായിരിക്കും.

വിശ്വസ്തതയോടെ,

(അജയ് മിച്ച്യാരി)
ചീഫ് ജനറല്‍ മാനേജര്‍ ഇന്‍-ചാര്‍ജ്